www.kaumudiweekly.
2018
സെപ്റ്റംബർ 19-26 ₹10

# കേരള കൗമുദി

ആഴ്ചപ്പതിപ്പ്



## വൈകിയെത്തിയ ഭാഗ്യം

നിഖില വിമൽ

## സൗന്ദര്യം അടുക്കള വഴി

പുലാവ് മാജിക്

കഥ

ജി. രേഖ വേണുഗോപാൽ

# സിസ്റ്റർ ബീയാട്രീസ്




നല്ല തലവേദനയും ശരീരനൊമ്പരവും പനിയുടെ ആരംഭമാണെന്ന് മനസ്പറഞ്ഞു. രാവിലെ തൊട്ട് ഉച്ചയ്ക്ക് ഏതാണ്ട് ഒരു മണിവരെ ആശുപത്രിയിലെ ഒ.പിയിലിരുന്നു. എല്ലാവിധ ടെസ്റ്റുകളും ചെയ്ത് റിസൽറ്റ് കാണിക്കാറായപ്പോൾ എമർജൻസികോൾ വന്ന് ഡോക്ടർ തിയേറ്ററിലേക്ക് ധൃതിപിടിച്ചുപോകുന്നതുകണ്ടു. ഇനി ഇരുന്നിട്ട് കാര്യമില്ല. നാളെ വന്നു കാണാമെന്നുറച്ച് പുറത്തേക്കിറങ്ങി.

പൊരിയുന്ന വെയിൽ. തത്ക്കാലം പിടിച്ചുനിൽക്കണമല്ലോ എന്ന് കരുതി അടുത്ത മെഡിക്കൽ ഷോപ്പിൽനിന്നും നാല് പാരസെറ്റമോൾ മേടിച്ച് വീണ്ടും റോഡിലേക്കിറങ്ങി. ഇറങ്ങുന്നതിനു മുൻപ് ഒരു പാരസെറ്റമോൾ എടുത്ത് ബാഗിലെ വാട്ടർബോട്ടിലിൽ, നിന്ന് വെള്ളവുമെടുത്ത് അകത്താക്കി.

നല്ല ക്ഷീണം തോന്നുന്നുണ്ട്. എങ്ങനെയെങ്കിലും ബസ് പിടിച്ച് വീട്ടിലെത്തണം. റെസ്റ്റ് എടുത്താൽ ശരിയാവുന്നതേയുള്ളൂ എന്ന് സമാധാനിച്ചു.

അങ്ങോട്ടുമിങ്ങോട്ടും ചീറിപായുന്ന വാഹനങ്ങൾ, റോഡ് ക്രോസ് ചെയ്യണം. സാധാരണ ഒരു ഗ്യാപ്പ് കിട്ടിയാൽ പെട്ടെന്ന് റോഡ് മുറിച്ചുകടക്കുന്നതാണ് പക്ഷേ ഇന്ന് എന്തോ മടിച്ചുനിന്നു.

പെട്ടെന്ന് ആരോ തൊട്ടടുത്തുനിൽക്കുന്നതായി തോന്നി. നോക്കിയപ്പോൾ വെളുത്ത ഹാബിറ്റ് ധരിച്ച ഒരു സിസ്റ്ററാണ്. മുഖം എവിടെയോ കണ്ടിട്ടുള്ളതുപോലെ.

"എന്താ, മറന്നോ എന്നെ?"

എന്നുള്ള ചോദ്യം ഓർമ്മകളിൽനിന്ന് തട്ടിയുണർത്തി.

"ഇല്ല സിസ്റ്റർ, മറന്നിട്ടില്ല. ഇന്ന് ഇവിടെ"ഞാൻ ചോദിച്ചു.

എന്താമുഖം വല്ലാതെ വിളറിയിരിക്കുന്നല്ലോ. ക്ഷീണവും കാണുന്നുണ്ടല്ലോ?"

സിസ്റ്റർ പരിഭ്രമത്തോടെ തിരക്കി.

"നല്ല സുഖം തോന്നുന്നില്ല സിസ്റ്റർ. റിസൽറ്റുമായി ഡോക്ടറെ കാണുവാൻ സാധിച്ചില്ല. നാളെ വീണ്ടും വരണം.

വരൂ, ഞാൻ റോഡ് കടക്കുവാൻ സഹായിക്കാം. ഒരിക്കൽ എന്നെ സഹായിച്ചതല്ലേ? റോഡിന്റെ മറുവശത്ത് എത്തിയിട്ട് എന്നെ കണ്ട് തിരിച്ചുവന്ന് റോഡ് കടക്കുവാൻ സഹായിച്ചത് ഞാൻ മറന്നിട്ടില്ല കേട്ടോ?"

"ഞാനും, അന്ന് സിസ്റ്ററിന് എന്ത് പേടിയായിരുന്നു. ഇന്നെങ്ങനെ ഇത്ര ധൈര്യം."

"ഇന്നിപ്പോൾ ഭയമില്ല കുഞ്ഞേ. വരൂ."

"എന്റെ പേര് പറഞ്ഞെങ്കിലും അന്ന് ഞാൻ സിസ്റ്ററോട് പേര് ചോദിച്ചില്ല. ഏത് കോൺവെന്റിലാണെന്നും. ക്ഷമിക്കണം കേട്ടോ." റോഡ് കടക്കുന്നതിനിടെ ഞാൻ പറഞ്ഞു.

മീഡിയനിലെത്തി നിന്നു. ഒരുവിധം മറുവശത്തെത്തി നടന്നു സ്റ്റോപ്പിലെത്തി.

"ഇനി ചോദ്യങ്ങൾക്കുള്ള ഉത്തരം. പേര് സിസ്റ്റർ ബീയാട്രീസ്. സെന്റ് ആൻസ് കോൺവെന്റ്..."

സിസ്റ്റർ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു.

"എച്ച്.എം.ടി ജംഗ്ഷനിൽ നിന്നും ഇടത്തോട്ട് തിരിഞ്ഞാൽ റോഡ്സൈഡിൽ തന്നെ. എന്റെ കോൺവെന്റിൽ നിനക്കെന്നും സ്വാഗതമാണ്."

"എനിക്കിന്ന് വളരെ മനഃസമാധാനം തോന്നുന്നു. എന്റെ ഒരു കടം വീട്ടി. എല്ലാം കർത്താവിന്റെ തിരുവുള്ളം."

ഞാൻ സിസ്റ്ററിന്റെ കൈപിടിച്ചുപറഞ്ഞു.

"സിസ്റ്റർ സഹായത്തിന് താങ്ക്സ്

**"ജീസസ് ഇത് എന്താണെന്ന് മനസിലാക്കുവാൻ കഴിയുന്നില്ലല്ലോ? വിശ്വസിക്കുവാനും-ദൈവം തമ്പുരാന്റെ ഹിതം ആർക്കറിയാം?"**

കേട്ടോ. ഇന്നാകെ ഡൗണായിരുന്നു. സുഖമായിട്ട് ഞാൻ തീർച്ചയായിട്ടും കോൺവെന്റിൽ വരാം."

"കുഞ്ഞേ ദൈവം എപ്പോഴും സഹായത്തിനായി ആരെയെങ്കിലും അയയ്ക്കും. അവന്റെ ഓരോ നീക്കത്തിനും അർത്ഥമുണ്ട്. ഒരിക്കലും നാം ഒറ്റയ്ക്കെന്ന് വിചാരിക്കരുത്. എന്നും നിന്നെ സ്നേഹിക്കുന്ന ദൈവവും ആത്മാക്കളും കൂട്ടിനുണ്ടാവും."

ആലുവ ബസ് വരുന്നതു കണ്ട് ഞാൻ പറഞ്ഞു.

"ദാ സിസ്റ്ററിന്റെ ബസ് വരുന്നുണ്ട്... ഞാൻ കയറ്റിവിടാം."

"വേണ്ട... അവിടെ തണലുള്ളിടത്ത് നിന്നോളൂ. ഞാൻ തന്നെ കയറിക്കൊള്ളാം. നല്ല ആള്... സുഖമില്ല. എന്നിട്ടും ടേക്ക് കെയർ. മേ ഗോഡ് ബ്ലെസ്യു മൈ ചൈൽഡ്."

സിസ്റ്റർ ബസിനടുത്തേക്ക് നടന്നു പോകുന്നത് നോക്കിനിന്നു.

നല്ല തിരക്കുണ്ടായതിനാൽ കയറുന്നത് കണ്ടില്ലല്ലോ എന്ന് മനസിൽ തോന്നി.

ഇന്നും സിസ്റ്ററിനോട് അധികമൊന്നും സംസാരിക്കുവാൻ സാധിച്ചില്ല. അപ്പോഴേക്കും ബസ് വന്നു.

ജീവിതത്തിന്റെ ഒരു വലിയ ഭാഗം കോൺവെന്റിൽ പഠിച്ചും പഠിപ്പിച്ചും കഴിഞ്ഞതിനാലാവാം സിസ്റ്റർമാർ എപ്പോഴും പ്രിയമുള്ളവരായത്. രണ്ടാഴ്ച കഴിഞ്ഞപ്പോഴാണ് ഒരു ഹാഫ്ഡേ ഒഴിവ് ഒത്തുകിട്ടിയത്. കുറച്ച് ആപ്പിൾ മേടിച്ചു. ആലുവ ബസിൽ കയറി. 14 എം. ടി സ്റ്റോപ്പിലിറങ്ങി. കോൺവെന്റ് കണ്ടുപിടിക്കുവാൻ ഒട്ടും ബുദ്ധിമുട്ടിയില്ല.

മേൽക്കൊളുത്തുമാത്രം ഇട്ടിരുന്ന ഗെയ്റ്റ് തുറന്നു അകത്തുകടന്നു. ചെറുതെങ്കിലും ഭംഗിയായി വച്ചിരിക്കുന്ന തോട്ടം. വരാന്തയിലേക്ക് കയറി കോളിംഗ് ബെല്ലമർത്തി. വളരെ പ്രായം കുറഞ്ഞ ചുറ്റുചുറുക്കുള്ള ഒരു സിസ്റ്റർ വാതിൽ തുറന്നു.

"ഞാൻ സിസ്റ്റർ ബിയാട്രിസിനെ കാണുവാൻ വന്നതാണ് പേര് ശാന്തി ശേഖർ. കാണുവാൻ തരപ്പെടുമോ?"

താൻ ചോദിച്ചു.

"കടന്നിരിക്കൂ. ഞാൻ വിളിക്കാം." വളരെ സൗമ്യമായി പറഞ്ഞുകൊണ്ട് ടീപ്പോയിയിൽ വച്ചിരുന്ന ന്യൂസ് പേപ്പർ എടുത്തുതന്നു അകത്തേക്ക് പോയി.

വളരെ മിതമായി അലങ്കരിച്ച ഇരിപ്പുമുറി ജീസസ് ക്രൈസ്റ്റിന്റെ ഫോട്ടോ ചുവരിൽ തൂക്കിയിട്ടിരിക്കുന്നു. മുന്നിൽ കെടാവിളക്കും.

ഒരു മിനിറ്റുകഴിഞ്ഞില്ല. അപ്പോഴേക്കും കുറച്ച് പ്രായമായൊരു സിസ്റ്ററേയും കൂട്ടി ആദ്യം കണ്ട സിസ്റ്റർ വന്നു.

ഞാൻ എഴുന്നേറ്റ് അഭിവാദനം ചെയ്തു.

"ഗുഡ് ആഫ്റ്റർ നൂൺ സിസ്റ്റർ. ഞാൻ സിസ്റ്റർ ബീയാട്രിസിനെ ഒന്ന് കാണുവാൻ വന്നതാണ്. എന്റെ പേര് ശാന്തി." മുഴുമിപ്പിക്കുന്നതിന് മുൻപേ സിസ്റ്റർ പറഞ്ഞു.

"അപ്പോൾ താനാണ് സിസ്റ്റർ ബീയാട്രീസ് പറഞ്ഞ ശാന്തിശേഖർ റോഡ് ക്രോസ് ചെയ്യുവാൻ സഹായിച്ചതും ബസ് കയറ്റി അയച്ചതും എല്ലാം സിസ്റ്റർ ഇവിടെ പറഞ്ഞിട്ടുണ്ട്. കാണുവാൻ പറ്റിയതിൽ ഏറെ സന്തോഷവുമുണ്ട്. ഇരിക്കൂ."

തിരിഞ്ഞു കൂടെയുണ്ടായിരുന്ന കൊച്ചു സിസ്റ്ററോട് ചായ കൊണ്ടുവരുവാൻ പറഞ്ഞു. വേണ്ട എന്ന് വിലക്കിയെങ്കിലും സിസ്റ്റർ സമ്മതിച്ചില്ല.

"ശാന്തിയുടെ വീടെവിടെയാണ്? വീട്ടിൽ ആരെല്ലാമുണ്ട്?"

സിസ്റ്റർ കുശലം ചോദിച്ചു.

ഇതിനിടയ്ക്ക് കൊച്ചുസിസ്റ്റർ ഒരു ട്രേയിൽ ചായ കൊണ്ടുവന്നുതന്നു. കപ്പെടുത്ത് ഒന്ന് സിപ്പ് ചെയ്യുന്നതിനിടെ സിസ്റ്ററോടായി പറഞ്ഞു.

"സിസ്റ്റർ... രണ്ടാഴ്ച മുൻപ് സിസ്റ്റർ ബീയാട്രിസ് എന്നെ റോഡ് കടക്കുവാൻ സഹായിച്ച് തിരിച്ച് കടം വീട്ടി കേട്ടോ. സിസ്റ്റർ ബിയാട്രീസ് ഇവിടെ ഇല്ലേ?"

പ്രായമായ സിസ്റ്റർ ഒരു ഞൊടി തരിച്ച് നിന്നതുപോലെ തോന്നി. അമ്പരപ്പോടെ എന്നെ നോക്കി ചോദിച്ചു.

"എന്താ ശാന്തി പറഞ്ഞത്? രണ്ടാഴ്ച മുൻപ്..?"

"അതേ എന്നെ സിസ്റ്റർ ബസ് സ്റ്റോപ്പിലെത്താൻ സഹായിച്ചു. ബസ് കയറി പോരികയും ചെയ്തു. എന്നായിരുന്നു എന്ന് കൃത്യമായി ഓർക്കുന്നില്ല. ഒമ്പതാം തീയതി ആണെന്ന് തോന്നുന്നു. ഒരു വെള്ളിയാഴ്ച."

"ശാന്തി പറയുന്നതെനിക്ക് ശരിക്കും മനസിലാക്കുവാനാകുന്നില്ല. കർത്താവ് സിസ്റ്ററിന്റെ പ്രാർത്ഥന കേട്ടു. ആരെയും ബുദ്ധിമുട്ടിച്ചില്ല. ഉറക്കത്തിൽ നിന്നും ഉണർന്നില്ല. മൂന്നുമാസം കഴിഞ്ഞു. നിനക്ക് കാണുവാൻ ഭാഗ്യമില്ല കുട്ടി. പക്ഷേ, നീ പറയുന്നത്..."

സിസ്റ്റർ സംസാരിക്കുവാൻ പ്രയാസപ്പെടുന്നത് കണ്ടു.

തന്റെ കൈ ചെറുതായി വിറച്ചു. ചായ തുളുമ്പി. ചായകപ്പ് ടീപോയിൽ ആപ്പിൾ കൊണ്ടുവന്ന കാരിബാഗിനരികിൽ വച്ചു. എഴുന്നേറ്റു.

"സിസ്റ്റർ, രണ്ടാഴ്ചയ്ക്കുമുമ്പ് കണ്ടപ്പോഴാണ് സിസ്റ്റർ എനിക്ക് പേരും കോൺവെന്റിന്റെ അഡ്രസും മറ്റും തന്നത്. എനിക്കിവിടെ വരാനായതും അതുകൊണ്ടുതന്നെയാണ്. ഞാൻ കണ്ടതും സംസാരിച്ചതും എന്റെ കൈപിടിച്ച് റോഡ് കടക്കുവാൻ സഹായിച്ചതും എല്ലാം... യാഥാർത്ഥ്യമോ അതോ സ്വപ്നമോ?"

"ജീസസ് ഇത് എന്താണെന്ന് മനസിലാക്കുവാൻ കഴിയുന്നില്ലല്ലോ? വിശ്വസിക്കുവാനും-ദൈവം തമ്പുരാന്റെ ഹിതം ആർക്കറിയാം?" ഹാബിറ്റിന്റെ പോക്കറ്റിൽനിന്നും ഒരു ചെറിയ ക്രോസ് എടുത്ത് എന്റെ കൈയിൽ വച്ചുതന്നു സിസ്റ്റർ തുടർന്നു.

"ഇത് സിസ്റ്റർ ബിയാട്രീസിന്റെ പ്രിയപ്പെട്ട ക്രോസ് ആയിരുന്നു. വച്ചോളൂ. എല്ലാം ദൈവത്തിന്റെ കൈകളിൽ വിശ്വാസത്തോടെ ഏല്പിക്കുക. പ്രയാസങ്ങൾ തീർച്ചയായും കുറയുമെന്നോർക്കുക. ഇനിയും വരണം. ഗോഡ് ബിവിത്ത് യു ഡിയർ."

കൈയിൽ സിസ്റ്റർ തന്ന ക്രോസ് മുറുകേ പിടിച്ചുകൊണ്ട് കോൺവെന്റിന്റെ പടിയിറങ്ങുമ്പോൾ എന്തുകൊണ്ടോ എന്റെ കണ്ണുകൾ ഈറനണിഞ്ഞിരുന്നു. ഉള്ളകം തേങ്ങി.

അഗ്രാഹ്യമായ എന്തെന്തെല്ലാം രഹസ്യങ്ങളാണ് ഈ പ്രപഞ്ചത്തിൽ. അവയുടെ ചുരുളുകളഴിയുമ്പോൾ അല്ലെങ്കിൽ നാം അഴിക്കുവാൻ ശ്രമിക്കുമ്പോൾ അവ നമ്മെ അമ്പരപ്പിക്കുന്നു. ചിന്തിപ്പിക്കുന്നു. പിടിതരാതെ വഴുതിപ്പോകുന്നു. ഈ പ്രപഞ്ചത്തിന്റെ അകപ്പൊരുൾ അറിഞ്ഞവർ ആരുണ്ട്? ○